**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1570** **19-09-2025 - ൽ മറുപടിയ്ക്ക്**

**പാലം പണിക്കുള്ള ഭൂമി ഏറ്റെടുക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ ചേലേമ്പ്ര വില്ലേജിനെയും കോഴിക്കോട് ജില്ലയിലെ ഫറോക്ക് വില്ലേജിനെയും ബന്ധിപ്പിക്കുന്ന മുനമ്പത്ത് കടവ് പാലം നിർമ്മിക്കാൻ രണ്ട് വില്ലേജുകളിൽ നിന്നും ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; | (എ) | വള്ളിക്കുന്ന്-ബേപ്പൂർ നിയോജക മണ്ഡലങ്ങളിൽ, ചേലമ്പ്ര - ഫറോക്ക് വില്ലേജുകളിലായി ഉൾപ്പെട്ടു വരുന്ന പുല്ലിപ്പുഴയ്ക്ക് കുറുകെയുള്ള മുനമ്പത്ത് കടവ് പാലം അനുബന്ധ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുള്ളതും സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റിനെ നിയോഗിച്ച് കൊണ്ട് എൽ.എ.ആർ.ആർ. ആക്ട് സെക്ഷൻ4(1) പ്രകാരമുള്ള വിജ്ഞാപനം സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി സെക്ഷൻ 4(2) പ്രകാരം ബന്ധപ്പെട്ട കാര്യാലയങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനം നടപടി പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചാലുടൻ പ്രസ്തുത റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ധ സമിതിയെ നിയമിക്കുന്നതും പ്രസ്തുത സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള സമുചിത സർക്കാർ തീരുമാനം കൈക്കൊള്ളുന്നതുമാണ്. 2013ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ. ആർ. ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങളുടെ ഭാഗമായി പ്രാഥമിക വിജ്ഞാപനം, ഭൂമിയുടെ അടിസ്ഥാന വില നിർണ്ണയിക്കൽ, സബ് ഡിവിഷൻ റെക്കോർഡ് തയ്യാറാക്കൽ, വിശദ വില വിവര പട്ടിക തയ്യാറാക്കൽ, എൽ.എ. ഫണ്ട് അനുവദിക്കൽ, 19(1) വിജ്ഞാപനം, അവാർഡ് എൻക്വയറി, അവാർഡ് തയ്യാറാക്കി അംഗീകരിക്കൽ തുടങ്ങിയ ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തി യാക്കിയതിനു ശേഷമാണ് ഭൂമി ഏറ്റെടുത്ത് അർത്ഥനാധികാരിയ്ക്ക് കൈമാറാൻ സാധിക്കുക. |
| (ബി) | സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ എപ്പോൾ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നതായി വ്യക്തമാക്കാമോ; | (ബി) | വള്ളിക്കുന്ന്-ബേപ്പൂർ നിയോജക മണ്ഡലങ്ങളിൽ, ചേലമ്പ്ര - ഫറോക്ക് വില്ലേജുകളിലായി ഉൾപ്പെട്ടു വരുന്ന പുല്ലിപ്പുഴയ്ക്ക് കുറുകെയുള്ള മുനമ്പത്ത് കടവ് പാലം അനുബന്ധ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുള്ളതും |

| | | | |
|---|---|---|---|
| | | | സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റിനെ നിയോഗിച്ച് കൊണ്ട് എൽ.എ.ആർ.ആർ. ആക്റ്റ് സെക്ഷൻ4(1) പ്രകാരമുള്ള വിജ്ഞാപനം സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി സെക്ഷൻ 4(2) പ്രകാരം ബന്ധപ്പെട്ട കാര്യാലയങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനം നടപടി പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചാലുടൻ പ്രസ്തുത റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ധ സമിതിയെ നിയമിക്കുന്നതും പ്രസ്തുത സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള സമുചിത സർക്കാർ തീരുമാനം കൈക്കൊള്ളുന്നതുമാണ്. 2013ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ. ആർ. ആക്റ്റിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങളുടെ ഭാഗമായി പ്രാഥമിക വിജ്ഞാപനം, ഭൂമിയുടെ അടിസ്ഥാന വില നിർണ്ണയിക്കൽ, സബ് ഡിവിഷൻ റെക്കോർഡ് തയ്യാറാക്കൽ, വിശദ വില വിവര പട്ടിക തയ്യാറാക്കൽ, എൽ.എ. ഫണ്ട് അനുവദിക്കൽ, 19(1) വിജ്ഞാപനം, അവാർഡ് എൻക്വയറി, അവാർഡ് തയ്യാറാക്കി അംഗീകരിക്കൽ തുടങ്ങിയ ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തി യാക്കിയതിനു ശേഷമാണ് ഭൂമി ഏറ്റെടുത്ത് അർത്ഥനാധികാരിയ്ക്ക് കൈമാറാൻ സാധിക്കുക. |
| (സി) | വള്ളിക്കുന്ന്, അരിയല്ലൂർ വില്ലേജുകളെ ബന്ധിപ്പിക്കുന്ന ഇരുമ്പോത്തിങ്ങൽപാലം നിർമ്മാണത്തിനായി സ്ഥലമേറ്റെടുപ്പ് നടപടിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (സി) | വള്ളിക്കുന്ന്, അരിയല്ലൂർ വില്ലേജുകളെ ബന്ധിപ്പിക്കുന്ന ഇരുമ്പോത്തിങ്ങൽപാലം നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 31.07.2025 തീയതിയിൽ സംയുക്ത സ്ഥല പരിശോധന നടത്തി, കണ്ടിജൻസി ചാർജ് അടവാക്കുന്നതിന് 04.08.2025 തീയതിയിൽ അർത്ഥനാധികാരിയ്ക്ക് കത്ത് നൽകിയിട്ടുള്ളതാണ്. |
| (ഡി) | വള്ളിക്കുന്ന് മണ്ഡലത്തിലെ തീരദേശ പാതയുടെ റീച്ച് 4, 5, 6 (കെട്ടുങ്ങൽ മുതൽ അരിയല്ലൂർ മുദിയം വരെയും മുദിയം മുതൽ കടലുണ്ടികടവ് വരെയുമുള്ള ഭാഗം) സ്ഥലമേറ്റെടുപ്പ് നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഈ സ്ഥലമേറ്റെടുപ്പ് നടപടി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ഡി) | തീരദേശ പാത വികസനത്തിൽ റീച്ച് 5 മുദിയം പാലം നിർമ്മാണം റീച്ച് 4 -മായി ചേർത്താണ് നടപടികൾ സ്വീകരിച്ചു വരുന്നത്. റീച്ച് 4 പദ്ധതിയുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ പ്രവർത്തികളിൽ സാമൂഹ്യ ആഘാത വിലയിരുത്തൽ പഠനവും ആയതിന്മേലുള്ള വിദഗ്ധ സമിതിയുടെ വിലയിരുത്തലും പൂർത്തിയാക്കി യിട്ടുള്ളതാണ്. വിദഗ്ധസമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പദ്ധതി തുടരുന്നതിനായി എൽ.എ.ആർ.ആർ. ആക്റ്റ് പ്രകാരമുള്ള സമുചിത സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. റീച്ച് 4 പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ നടപടികളിൽ സർവ്വെ ജോലികൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | അരിയല്ലൂർ മുദിയംപാലം മുതൽ കടലുണ്ടിക്കടവ് വരെയുള്ള തീരദേശപാത റീച്ച് 6-ൽ സാമൂഹ്യ ആഘാത പഠനം നടത്തുന്നതിനായി ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. ആക്ട് 2013 ലെ 4(1) വകുപ്പ് പ്രകാരമുള്ള ഗസറ്റ് വിജ്ഞാപനം 23.08.2025 തീയതിയിൽ 3054 നമ്പറായി പരസ്യപ്പെടുത്തിയിട്ടുള്ളതാണ്.<br><br>2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. ആക്ട് നിയമത്തിലെ നടപടിക്രമങ്ങൾ പാലിച്ച് സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയതിനുശേഷം മാത്രമേ ഭൂമി ഏറ്റെടുത്ത് അർത്ഥനാധികാരിയ്ക്ക് കൈമാറാൻ സാധിക്കുകയുള്ളൂ. |
| (ഇ) | ഇത്തരത്തിലുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ പല കാരണങ്ങളാൽ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ, അത് പരിഹരിക്കാൻ കഴിയുമോ; വിശദമാക്കാമോ? | (ഇ) | 2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ നിയമത്തിലെയും ചട്ടത്തിലെയും വ്യവസ്ഥകൾ പാലിച്ചു മാത്രമേ പൂർത്തീകരിക്കാൻ കഴിയൂ. എന്നാൽ വസ്തു ഉടമകൾ സന്നദ്ധമാകുന്ന പക്ഷം പൊതു ആവശ്യത്തിനായി നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഭൂമി വാങ്ങുന്നതിനും സാധിക്കും. ഇതുമായി ബന്ധപ്പെട്ട് 31-12-2024, 30-06-2025 തീയതികളിൽ Rev-B2/183/2023-Rev നമ്പറായി സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ